പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4252 | 25.06.2014 – ൽ മറുപടിക്കുണ്ടായിരുന്നത്

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (എ) യും (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ആരെയും പിരിച്ചുവിട്ടിട്ടില്ല. കോർപ്പറേഷനിൽ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസിലും കുടിശ്ശിക ജോലികൾ ചെയ്ത് തീർക്കുന്നതിന് അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുകയും , കുടിശ്ശിക ജോലികൾ തീരുന്ന മുറയ്ക്ക് ടി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കാറുമുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | ഇത്തരത്തിൽ പിരിച്ചുവിടാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ബി.സി.ഡി.സി ഹെഡ്ഡ് ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും ദിവസ കൂലി അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; | (ഡി) യും (ഇ) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ദിവസ കൂലി അടിസ്ഥാനത്തിൽ നിയമിച്ചവരുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | എങ്കിൽ അവരുടെ പേരും, മേൽവിലാസവും തസ്തികയും ശമ്പളവും നിയമിച്ച തീയതിയും വ്യക്തമാക്കുമോ ; | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ